ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആലോചിക്കുന്നുണ്ട്.

(സി) പരിശോധിക്കുന്നതാണ്.

(ഡി) പരാതികൾ ഏത് കാലയളവിൽ ലഭിച്ചിട്ടുള്ളവയാണെന്ന് ചോദ്യത്തിൽ പരാമർശിച്ചിട്ടില്ലാത്തതിനാൽ കണക്കുകൾ സമർപ്പിക്കുവാൻ സാധിക്കുന്നില്ല.

പ്രാഥമിക സഹകരണ സംഘങ്ങളിലെ നിയമനം പി.എസ്.സി. മുഖേനയാക്കാൻ നടപടി

150 [2277] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രാഥമിക സഹകരണ സംഘങ്ങളിലെ വിവിധ തസ്തികകളിലേക്കുള്ള നിയമനം പി.എസ്.സി.-ക്ക് വിടുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പരിഗണനയിലില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കോ-ഓപ്പറേറ്റീവ് സർവ്വീസ് എക്സാമിനേഷൻ ബോർഡിന്റെ ഘടനയും പ്രവർത്തനവും സംബന്ധിച്ച ഭേദഗതി

151 [2278] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോ-ഓപ്പറേറ്റീവ് സർവ്വീസ് എക്സാമിനേഷൻ ബോർഡിന്റെ ഘടനയും പ്രവർത്തനവും സംബന്ധിച്ച് ബന്ധപ്പെട്ട ചട്ടങ്ങളിൽ എന്തെങ്കിലും ഭേദഗതി വരുത്തിയിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എക്സാമിനേഷൻ ബോർഡിന്റെ കാര്യത്തിൽ സഹകരണ ചട്ടങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്;

(സി) സഹകാരികളുടെയോ, സംസ്ഥാന സഹകരണ യൂണിയന്റേയോ, ക്രെഡിറ്റ് സംഘങ്ങളുടെയോ ശുപാർശയിൻമേലാണോ ഭേദഗതി വരുത്തിയിട്ടുള്ള തെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ആരുടെ ശുപാർശയിന്മേലാണ് ഭേദഗതികൾ വരുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) അല്ല. ഭേദഗതി ആവശ്യമാണെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടതു കൊണ്ടാണ് ഭേദഗതി വരുത്തിയത്.

കൊല്ലം ജില്ലാ സഹകരണ ബാങ്കിലെ പ്യൂൺ നിയമനം

152 [2279] ശ്രീ. കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാ സഹകരണബാങ്കിൽ പ്യൂൺ പോസ്റ്റിലേക്കുള്ള നിയമനത്തിനുവേണ്ടി പി.എസ്.സി. റാങ്ക് ലിസ്റ്റ് എന്നാണ് പ്രസിദ്ധീകരിച്ചത്.

(ബി) പ്രസ്തുത ലിസ്റ്റിൽനിന്നും എത്ര പേരെ നിയമിച്ചു;

(സി) പി.എസ്.സി.-യുടെ നിലവിലുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചശേഷം പ്രസ്തുത ബാങ്കിൽ പ്യൂൺ പോസ്റ്റിൽ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ട്;

(ഡി) ഈ ഒഴിവുകളിലേക്ക് എത്ര പേരെ നിയമിച്ചു;

(ഇ) പി.എസ്.സി.-യുടെ റാങ്ക് ലിസ്റ്റിൽ നിന്നല്ലാതെ എത്ര പേരെ നിയമിച്ചു;

(എഫ്) പി.എസ്.സി.-യുടെ റാങ്ക് ലിസ്റ്റ് ഉള്ളപ്പോൾ അതിൽ നിന്നല്ലാതെ നിയമിക്കുവാനുള്ള കാരണം വ്യക്തമാക്കുമോ;

(ജി) ഇനി വരുന്ന ഒഴിവുകൾ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും അഡ്വൈസ് ചെയ്തവരെ തന്നെ നിയമിക്കുമോ?

ഉത്തരം

(എ) 31-1-2003-ൽ

(ബി) ആരെയും നിയമിച്ചിട്ടില്ല.

(സി) ഏഴ്.

(ഡി) ഏഴ് പേരെ

(ഇ) ഏഴ് പേരെ

(എഫ്) പാർട്ട്-ടൈം-സ്വീപ്പേഴ്സിനെ പ്യൂൺ ഫീഡർ കാറ്റഗറിയിൽ ഉൾപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് കൊല്ലം ജില്ലാ സഹകരണബാങ്കിൽ ഉണ്ടായിരുന്ന ഏഴ് പാർട്ട്-ടൈം-സ്വീപ്പർമാരെ പ്യൂൺ ആയി പ്രൊമോട്ട് ചെയ്തത്.

(ജി) നിയമിക്കുമെന്ന് ബാങ്ക് അറിയിച്ചിട്ടുണ്ട്.

---

† അനുബന്ധം X

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IX—(തുടർച്ച)

കാസർഗോഡ്

1. ബലിക്കടവ് കൺസ്യൂമർ സഹകരണസംഘം എസ്.—235
2. പള്ളിപ്പുര വനിതാ സർവീസ് സഹകരണസംഘം എസ്.—243
3. ചെറുവത്തൂർ ചെത്തുതൊഴിലാളി സഹകരണസംഘം എസ്.—238
4. ഒഴിഞ്ഞവളപ്പ് കൺസ്യൂമർ സഹകരണസംഘം എസ്.—234
5. പനയാൻ കൺസ്യൂമർ സഹകരണസംഘം എസ്.—253
6. വെല്ലാ പഴം പച്ചക്കറി മാർക്കറ്റിംഗ് സഹകരണസംഘം എസ്.—239
7. കാഞ്ഞങ്ങാട് ഹൗസിംഗ് സഹകരണസംഘം എസ്.—231
8. കോമക്കാട് ഡിസ്പെൻസറി സഹകരണസംഘം എസ്.—4
9. മേനിക്കോട് കൺസ്യൂമർ സഹകരണസംഘം എസ്.—237
10. ലക്ഷ്മിനഗർ കൺസ്യൂമർ സഹകരണസംഘം എസ്.—257
11. കൊടക്കാട് കൺസ്യൂമർ സഹകരണസംഘം എസ്.—242
12. ഹോസ്ദുർഗ് താലൂക്ക് ടെലികോം വർക്കേഴ്സ് ലേബർ കോൺട്രാക്ട് സഹകരണസംഘം എസ്.—198
13. എടമുണ്ട ലേബർ കോൺട്രാക്ട് സഹകരണസംഘം എസ്.—296
14. ഉദുമ അഗ്രിക്കൾച്ചർ മാർക്കറ്റിംഗ് ആന്റ് പ്രൊസസ്സിംഗ് സഹകരണ സംഘം എസ്.—269

അനുബന്ധം X

[15-7-2004-ലെ ചോദ്യം നമ്പർ 151 (2278)-ന്റെ ഉത്തരം ദയവായി കാണുക.]

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 15-12-2003-ലെ ജി.ഒ. (പി) 271/2003/സഹ. പ്രകാരവും 3-2-2004-ലെ ജി.ഒ. (പി) 46/2004/സഹ. പ്രകാരവും എക്സാമിനേഷൻ ബോർഡിന്റെ കാര്യത്തിൽ സഹകരണ ചട്ടങ്ങളിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്

1. ജി.ഒ. (പി) 271/2003/സഹ. തീയതി 15-12-2003 (ഗസറ്റ് നമ്പർ 2393 തീയതി 23-12-2003)

ചട്ടം 182 (4) (i).—സംഘങ്ങൾ ഒഴിവുകൾ എക്സാമിനിഷേൻ ബോർഡിനെ അറിയിക്കേണ്ടതും, എക്സാമിനേഷൻ ബോർഡ് പത്രപരസ്യം വഴി അപേക്ഷ ക്ഷണിച്ച് പരീക്ഷ നടത്തി ഇന്റർവ്യൂവിന് അർഹത നേടിയവരുടെ ലിസ്റ്റ് സംഘങ്ങൾക്ക് നൽകേണ്ടതാണ്. സഹകരണസംഘം രജിസ്ട്രാർ നിശ്ചയിച്ചു നൽകുന്ന ഫീസ് എക്സാമിനേഷൻ ബോർഡിന് വാങ്ങാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം X—(തുടർച്ച)

ചട്ടം 182 4 (iii).—ഇന്റർവ്യൂവിന് അർഹത നേടുവാൻ എസ്.സി./എസ്.റ്റി. ഉദ്യോഗാർത്ഥികൾക്ക് 30 ശതമാനം മാർക്കും അല്ലാതെ ഉള്ളവർക്ക് 40 ശതമാനം മാർക്കുമായി നിജപ്പെടുത്തിയിരിക്കുന്നു.

ചട്ടം 182 4 (iv).—ഇന്റർവ്യൂവിന് പരമാവധി മാർക്ക് 15-ഉം കുറഞ്ഞ മാർക്ക് 3-ഉം ആയിരിക്കും. മാതൃജില്ലയിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾക്ക് 5 മാർക്ക് ഗ്രേസ് മാർക്കായി നൽകും.

ചട്ടം 182 4 (v).—എക്സാമിനേഷൻ ബോർഡിൽ നിന്ന് ലിസ്റ്റ് ലഭിച്ചാൽ രണ്ട് മാസത്തിനുള്ളിൽ ഇന്റർവ്യൂ ഭരണസമിതി നടത്തേണ്ടതാണ്.

ചട്ടം 182 4 (vii).—ഭരണസമിതി റാങ്ക് ലിസ്റ്റ് തയ്യാറാക്കി അതിന്റെ ഒരു പകർപ്പ് എക്സാമിനേഷൻ ബോർഡിന് അയച്ചുകൊടുക്കേണ്ടതാണ്. റാങ്ക് ലിസ്റ്റിൽ അപാകതയുണ്ടെങ്കിൽ ആയത് ബോർഡിന് സഹകരണസംഘം രജിസ്ട്രാർക്ക് റിപ്പോർട്ട് ചെയ്യാവുന്നതാണ്.

ചട്ടം 182 4 (viii).—റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഒരു മാസത്തിനുള്ളിൽ സംഘം നിയമനം നടത്തേണ്ടതാണ്.

ചട്ടം 182 (4) (ix).—ഫീസ് ശേഖരിച്ചതിൽ നിന്നും ഉപരിയായി പരീക്ഷാ ചിലവ് വരികയാണെങ്കിൽ ആയത് സംഘം വഹിക്കേണ്ടതാണ്.

2. ജി.ഒ. (പി) 46/2004 തീയതി 3-2-2004 (ഗസറ്റ് നമ്പർ 565 തീയതി 3-3-2004)

ചട്ടം 182 ബി (1).—സഹകരണ ഡിപ്പാർട്ട്മെന്റിലെ ജോയിന്റ് രജിസ്ട്രാർ മെമ്പർ സെക്രട്ടറി എന്നുള്ളത് മാറ്റിയിട്ടുണ്ട്.

ചട്ടം 182 ബി (4).—ചെയർമാന്റെ ശമ്പളം 15,000 രൂപയിൽ നിന്നും 20,000 രൂപയായി വർദ്ധിപ്പിച്ചു.

ചട്ടം 182 ബി (5).—പൂർണ്ണമായും ഒഴിവാക്കി.

ചട്ടം 182 ബി (9).—ബോർഡിലെ അംഗങ്ങളുടെ നിയന്ത്രണം ചെയർമാനിൽ നിക്ഷിപ്തമാണ്. ബോർഡിന്റെ മീറ്റിംഗ് കൂടുന്നത് സംബന്ധിച്ച് ചട്ടം 182 എന്ന ചട്ടവും ബോർഡിലെ സെക്രട്ടറി, മറ്റു ജീവനക്കാർ എന്നിവയിലെ നിയമനം ചുമതല ഇവ സംബന്ധിച്ച് 182 ഡി എന്ന ചട്ടവും പുതിയതായി ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XI

[15-7-2004-ലെ ചോദ്യം നമ്പർ 157 (2284)-ന്റെ ഉത്തരം ദയവായി കാണുക.]

സി.ബി. (1) 11930/04

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, 12-4-2004.

സഹകരണസംഘം രജിസ്ട്രാർ,
തിരുവനന്തപുരം

1. മാനേജിംഗ് ഡയറക്ടർ,
   സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം

2. ജനറൽ മാനേജർ,
   എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും

3. ജോയിന്റ് രജിസ്ട്രാർ (ജനറൽ),
   എല്ലാ ജില്ലകൾക്കും

സർ,

വിഷയം.—കേരള സംസ്ഥാന സഹകരണ ബാങ്ക്/ജില്ലാ സഹകരണ ബാങ്കുകളിലെ കുടിശ്ശിക വായ്പ—ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി—കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന.—1. സഹകരണ സംഘം രജിസ്ട്രാറുടെ 35/01-ാം നമ്പർ സർക്കുലറും തുടർന്നുള്ള മാർഗ്ഗനിർദ്ദേശങ്ങൾ/സർക്കുലറുകളും

2. സഹകരണ സംഘം രജിസ്ട്രാറുടെ 3-9-2003-ലെ സി.ബി. (1) 27916/03 നമ്പർ കത്ത്.

3. നബാർഡിന്റെ 17-2-2004-ലെ 54/പി.സി.ഡി./08/2004 നമ്പർ സർക്കുലർ.

നബാർഡിന്റെ 31-5-2003-ലെ 123/പി.സി.ഡി./29/2003 നമ്പർ സർക്കുലർ നിർദ്ദേശപ്രകാരം പരിഷ്ക്കരിച്ച മാർഗ്ഗനിർദ്ദേശങ്ങളോടുകൂടി നടപ്പിലാക്കിയ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി അനുസരിച്ച് 31-3-2000-ൽ മൂന്ന് വർഷത്തിലും അതിൽ കൂടുതലും കുടിശ്ശിക ആയതും ബാങ്കുകൾ ഡൗട്ട്ഫുൾ അസറ്റായി തരം തിരിച്ചിട്ടുള്ള വായ്പകൾ അടച്ചുതീർക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 30-9-2003 വരെയും വായ്പ അടച്ചുതീർക്കേണ്ട തീയതി 31-3-2004 വരെയും ആയിരുന്നു. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി ദീർഘിപ്പിക്കണമെന്നുള്ള സഹകരണ ബാങ്കുകളുടെ അപേക്ഷ പരിഗണിച്ച് അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി 31-7-2004 വരെയും വായ്പ തുക അടച്ചുതീർക്കേണ്ട തീയതി 31-10-2004 വരെയും ദീർഘിപ്പിക്കുന്നതിന് സൂചന (3) പ്രകാരം നബാർഡ് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സഹകരണ ബാങ്ക്/ജില്ലാ സഹകരണ ബാങ്കുകളിലെ 31-3-2000-ലെ കുടിശ്ശിക തുകയ്ക്ക് 11 ശതമാനം (പതിനൊന്ന്) പലിശ സഹിതം (മറ്റൊരു

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XI—(തുടർച്ച)

ചാർജ്ജും കൂടാതെ) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം അടച്ചു തീർക്കുന്നതിന് 31-7-2004 വരെ അപേക്ഷ നൽകാവുന്നതും 31-10-2004-നകം കുടിശ്ശിക തുക അടച്ചുതീർക്കാവുന്നതുമാണ്.

(ഒപ്പ്)

വിശ്വസ്തതയോടെ,

സഹകരണസംഘം രജിസ്ട്രാർക്കുവേണ്ടി.

അനുബന്ധം XI A

[15-7-2004-ലെ ചോദ്യം നമ്പർ 157 (2284)-ന്റെ ഉത്തരം ദയവായി കാണുക.]

സി.ബി. (1) 11930/04

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, 20-4-2004.

സഹകരണസംഘം രജിസ്ട്രാർ,
തിരുവനന്തപുരം.

1. മാനേജിംഗ് ഡയറക്ടർ,
   സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം
2. ജനറൽ മാനേജർ,
   എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും
3. ജോയിന്റ് രജിസ്ട്രാർ (ജനറൽ),
   എല്ലാ ജില്ലകൾക്കും

സർ,

വിഷയം.—കേരള സംസ്ഥാന സഹകരണ ബാങ്ക്/ജില്ലാ സഹകരണ ബാങ്കുകളിലെ കുടിശ്ശിക വായ്പ—ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി—കാലാവധി ദീർഘിപ്പിക്കുന്നത്—പലിശ ഈടാക്കുന്നത് സംബന്ധിച്ച്.

സൂചന.—ഈ ആഫീസിന്റെ 12-4-2004-ലെ ഇതേ നമ്പർ കത്ത്.

സംസ്ഥാന സഹകരണ ബാങ്ക്/ജില്ലാ സഹകരണ ബാങ്കുകളിലെ 31-3-2000-ലെ വായ്പാ കുടിശ്ശിക തുകയ്ക്ക് 11 ശതമാനം (പതിനൊന്ന് ശതമാനം) പലിശ സഹിതം (മറ്റൊരു ചാർജ്ജും കൂടാതെ) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം അടച്ചുതീർക്കുന്നതിന് 31-7-2004 വരെ അപേക്ഷ നൽകുവാനും 31-10-2004-നകം കുടിശ്ശികത്തുക അടച്ചുതീർക്കുവാനും സൂചന പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ടി പദ്ധതിപ്രകാരം 31-3-2000-ലെ കുടിശ്ശിക വായ്പ തുകയ്ക്ക് കുടിശ്ശിക തീയതി മുതൽ 31-3-2000 വരെ പതിനൊന്ന് ശതമാനം പലിശ ഈടാക്കാവുന്നതും (മറ്റൊരു ചാർജ്ജും കൂടാതെ) 31-3-2000-നുശേഷം പലിശ പൂർണ്ണമായും ഇളവ് നൽകി വായ്പാക്കണക്ക് അവസാനിപ്പിക്കാവുന്നതാണെന്ന് ഇതിനാൽ നിർദ്ദേശിക്കുന്നു.

(ഒപ്പ്)

വിശ്വസ്തതയോടെ,

സഹകരണസംഘം രജിസ്ട്രാർക്കുവേണ്ടി.

LIBRARY ARCHIVES Kerala Legislative Assembly